പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1380 — 11-08-2017-ലെ മറുപടിയ്ക്ക്

# കാർഷിക നഷ്ടം സംഭവിച്ചവർക്ക് വകുപ്പിൽ നിന്നും ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | 2012 മുതൽ പ്രകൃതിക്ഷോഭവും വരൾച്ചയും മൂലം കാർഷിക നഷ്ടം സംഭവിച്ചവർക്ക് വകുപ്പിൽ നിന്നും ധനസഹായം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2012-13 മുതൽ 2016-17 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 103.39 കോടി രൂപയുടെയും, കൃഷി വകുപ്പ് മുഖേന 58.26 കോടി രൂപയുടെയും ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്. ഇനി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 44.83 കോടി രൂപയുടെയും, കൃഷി വകുപ്പ് മുഖേന 28.46 കോടി രൂപയുടെയും ധനസഹായം അനുവദിക്കുവാനുണ്ട്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക ധന സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കാർഷിക വിളകളുടെ നഷ്ടപരിഹാരത്തിന് അപേക്ഷ നൽകി, ആനുകൂല്യത്തിനായി കാത്തിരിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ വൻതോതിൽ കൃഷിനാശം സംഭവിച്ചവരുടെ കാർഷിക കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് മുൻഗണനാ ക്രമം അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക കടം എഴുതിത്തള്ളുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | ഈ സർക്കാർ കാർഷികമേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിപ്ലവകരമായ പദ്ധതികൾ എന്തെല്ലാമാണ്;അവ | (സി) | ഈ സർക്കാർ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. തരിശുനില കൃഷി വികസന പദ്ധതി പ്രകാരം 2372 ഹെക്ടർ തരിശുനിലത്ത് നെൽകൃഷി |

| | |
|---|---|
| വിജയകരമാണോയെന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കമോ; | പ്രാവർത്തികമാക്കി. മെത്രാൻ കായൽ, ആറന്മുള പ്രദേശം എന്നിവിടങ്ങളിലെ വർഷങ്ങളായി തരിശുകിടന്ന നെൽപ്പാടങ്ങളിൽ നെൽ കൃഷി പുനരാരംഭിച്ചു.<br>2. ഒരുപ്പൂ കൃഷി ചെയ്തിരുന്ന 88.4 ഹെക്ടർ നെൽപ്പാടങ്ങളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കി<br>3. സുരക്ഷിത പച്ചക്കറി ഉൽപ്പാദനം കൂടുതൽ പ്രചാരണത്തോടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കി<br>4. നല്ല കാർഷിക മുറകൾ അവലംബിച്ച് കേരളത്തിലുൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാന്റ് നാമത്തിൽ പുറത്തിറക്കി<br>5. ഓണത്തിന് ഓണസമൃദ്ധി എന്ന പേരിൽ എല്ലാ പഞ്ചായത്തുകളിലും പഴം, പച്ചക്കറി വിപണികൾ നടത്തുകയും കർഷകർക്ക് 10 മുതൽ 20 ശതമാനം വരെ കൂടുതൽ വില നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയിൽ നിന്നും 30% കുറഞ്ഞ നിരക്കിൽ അവ ലഭ്യമാക്കുകയും ചെയ്തു.<br>6. ക്രിസ്തുമസ്, ഈസ്റ്റർ, വിഷു എന്നീ ഉത്സവങ്ങളോടനുബന്ധിച്ചും പച്ചക്കറി ചന്തകൾ സംഘടിപ്പിച്ചു.<br>7. കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി<br>8. കർഷക പെൻഷൻ പ്രതിമാസം 600 രൂപയിൽ നിന്നും 1000 രൂപയാക്കി ഉയർത്തി<br>9. കാർഷിക രംഗത്തെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ഹരിത കേരളം പദ്ധതി 'സുജലം സുഫലം' എന്ന പേരിൽ ആരംഭിച്ചു<br><br>ഈ പദ്ധതികളെല്ലാം വിജയകരമാണെന്നും വിലയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**